

ജനുവരി 2022

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

ദൈവം തന്റെ കൃപയാൽ നമ്മെ പുതിയ ഒരു സംവത്സരത്തിലേക്ക് പ്രവേശിപ്പിക്കുന്നു. 2021 അതിജീവന വർഷമായിരുന്നു. സംവത്സരത്തെ തന്റെ കൃപകൊണ്ട് പൊതിഞ്ഞ ദൈവത്തിന് സ്തോത്രം. ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെയും ദൈവം നമ്മെ അനുഗ്രഹകരമായി വഴിനടത്തി. ഒട്ടനവധി ഓർമ്മകളും അനുഭവങ്ങളും സമ്മാനിച്ചുകൊണ്ടാണ് 2021 നമ്മെ വിട്ട് കടന്ന് പോകുന്നത്. കോവിഡ് തരംഗങ്ങളും പ്രളയവും മനുഷ്യജീവിതത്തിന് കടുത്ത പ്രതിസന്ധികളുയർത്തിയ അനുഭവങ്ങളായിരുന്നു. എന്നാൽ പകൽ മേഘസ്തംഭമായും രാത്രി അഗ്നിത്തൂണായും നമ്മെ അതിശയകരമായി പരിപാലിച്ച ദൈവത്തിന് സ്തോത്രം. പുരാതനനായ ദൈവം നമ്മുടെ സങ്കേതം കീഴെ ശാശ്വത ഭുജങ്ങളുണ്ട് എന്ന നിശ്ചയത്തോടെ പുതുവർഷത്തിന്റെ ജീവിതാനുഭവങ്ങളിലേക്ക് നമുക്ക് പ്രവേശിക്കാം. എല്ലാവർക്കും നവവത്സരാശംസകൾ.

കോവിഡിന് കാരണമാകുന്ന സാർസ് കോവിഡ് 2 വൈറസിന്റെ ഒമിക്രോൺ വകഭേദത്തെ ആഗോള അപകട സാധ്യത കൂടുതലുള്ള ഒരു പ്രതിഭാസമായാണ് ലോകാരോഗ്യ സംഘടന വിലയിരുത്തിയിരിക്കുന്നത്. ഒമിക്രോണിന് ഉയർന്ന സംക്രമണക്ഷമതയുണ്ടാകാമെന്നും വാക്സിനുകൾ വഴി ഉണ്ടാകുന്ന രോഗപ്രതിരോധ പ്രതികരണത്തെ മറികടക്കാനുള്ള കഴിവ് ഉണ്ടെന്നുമുള്ള ഭയം ചില വിദ്ഗ്ധർ പ്രകടിപ്പിച്ചിട്ടുണ്ട്. ഈ വകഭേദത്തിനെ ഫലപ്രദമായി പ്രതിരോധിക്കുവാൻ നമ്മുടെ ഭാഗത്ത് കൂടുതൽ സൂക്ഷ്മത ആവശ്യമാണ്. പലപ്പോഴും അപ്രതീക്ഷിതമായാണ് അപകടകരമായ സാഹചര്യങ്ങൾ നമ്മെ പിടികൂടുന്നത്. മുൻകരുതലുകൾ സ്വീകരിക്കുന്നതിനോടൊപ്പം ദൈവകൃപയിൽ ആശ്രയിച്ചു നമുക്ക് മുന്നേറാം.

ഇന്ത്യയുടെ പല സംസ്ഥാനങ്ങളിലും മത സ്വാതന്ത്ര്യ നിയമം എന്ന പേരിൽ മത പരിവർത്തന നിരോധിത നിയമം നടപ്പിൽ വരുത്തുവാൻ സർക്കാരുകൾ വെമ്പൽ കൊള്ളുന്നു. കർണ്ണാടകയും ഉത്തർപ്രദേശുമാണ് ഏറ്റവും പുതിയ പരീക്ഷണ കേന്ദ്രങ്ങൾ. ഇത് മത ന്യൂനപക്ഷങ്ങളിൽ ഏറെ ഉത്ക്കണ്ഠ ഉളവാക്കുന്നതാണ്. ജനങ്ങളെ മതത്തിന്റെ പേരിൽ ഭിന്നിപ്പിക്കുന്ന വോട്ട് ബാങ്ക് രാഷ്ട്രീയമാണതിന്റെ പിന്നിൽ എന്ന് വ്യക്തം. ഇത്തരം സാമൂഹിക വിഭജനം ദൂരവ്യാപകങ്ങളായ സാമൂഹിക വിപത്തിലേക്കാണ് ഇന്ത്യയെ കൊണ്ടെത്തിക്കുന്നത്. നിർബന്ധിത മതപരിവർത്തനം നിയമം മൂലം വളരെ മുമ്പുതന്നെ നമ്മുടെ രാജ്യത്ത് നിരോധിച്ചിട്ടുള്ളതാണ്; അതിന് പുതിയൊരു നിയമത്തിന്റെ ആവശ്യമില്ല. മതപരിവർത്തനം മൂലം ക്രൈസ്തവരുടെ എണ്ണം അനിയന്ത്രിതമായി വർധിക്കുന്നു എന്ന ആരോപണവും ശരിയല്ല. സർക്കാരിന്റെ കാനേഷുമാരിക്കണക്കുകൾ പ്രകാരം തന്നെ രാജ്യത്ത് ആകമാനം ക്രൈസ്തവരുടെ എണ്ണം കുറയുകയാണ്. അതിനാൽ മത പരിവർത്തനം നിയന്ത്രിക്കുവാൻ പുതിയൊരു നിയമം തികച്ചും അപ്രസക്തമാണ്. ഓരോ ഇന്ത്യൻ പൗരനും അവന്റെ തെരെഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യം ഭരണഘടനാനുസൃതമായി നിയമിച്ചു നല്കിയിട്ടുള്ളതാണ്. ഭക്ഷണം, വസ്ത്രം, ഭവനം, പങ്കാളി, മതം, രാഷ്ട്രീയ വിശ്വാസങ്ങൾ, ആശയങ്ങൾ എന്നിവയൊക്കെത്തന്നെ തെരഞ്ഞെടുക്കുവാനുള്ള ആവകാശം ഒരു പൗരനുണ്ട്. ആ അവകാശം ചോദ്യം ചെയ്യുന്ന നിയമങ്ങൾ വിവിധ സംസ്ഥാനങ്ങൾ കഴിഞ്ഞ കുറെ വർഷങ്ങളായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഒപ്പം പ്രധാനമാണ്, കർണ്ണാടകയിലും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും ക്രിസ്ത്യൻ ദൈവാലയങ്ങൾക്ക് നേരെ വിവിധ സംഘടനകൾ അഴിച്ചുവിട്ടിരിക്കുന്ന അക്രമങ്ങളുടെ പരമ്പര. ഇന്ത്യയിലെ ന്യൂനപക്ഷമായ ക്രൈസ്തവ സമൂഹം ഇവിടുത്തെ സാംസ്ക്കാരിക സാമൂഹിക രംഗത്ത് ഏറെ ക്രിയാത്മക സ്വാധീനം ചെലുത്തിയിട്ടുള്ള ഒരു വിഭാഗം തന്നെയാണ്. ചരിത്ര വസ്തുതകൾക്ക് നിരക്കാത്ത ആരോപണങ്ങൾ ഇന്ത്യയുടെ നിയമ വ്യവസ്ഥയെ തന്നെ തകിടം മറിക്കുന്ന പുതിയ കീഴ്‌വഴക്കങ്ങൾക്ക് വഴി തെളിക്കുന്നു. രാജ്യത്ത് സ്വാതന്ത്ര്യവും മതേതരത്വവും നിലനിൽക്കുവാൻ നാം ഏവരും പ്രാർത്ഥിക്കണം.

ജനുവരി 18 മുതൽ 25 വരെ ഐക്യപ്രാർത്ഥന വാരമായി (Unity Octave) വേർതിരിച്ചിരിക്കുന്നു. 'ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്ക് കണ്ടു അവനെ നമസ്ക്കരിപ്പാൻ വന്നിരിക്കുന്നു' (മത്തായി 2:2) എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. പൂർവ്വേഷ്യൻ രാജ്യ

ങ്ങളിലെ സഭകളുടെ കൗൺസിൽ ആണ് ആരാധനാക്രമം ക്രമീകരിച്ചിരിക്കുന്നത്. രാഷ്ട്രീയ അസ്ഥിരതകളുടെയും മഹാമാരിയുടെയും പശ്ചാത്തലത്തിൽ ഇരുട്ടിന്റെ അനുഭവങ്ങളിലൂടെ കടന്ന് പോകുന്ന ജനത കർത്താവിന്റെ ജനനത്തെ ദ്യോതിപ്പിക്കുന്ന നക്ഷത്രം ഒരു വെള്ളിവെളിച്ചമായി സ്വീകരിക്കുകയാണ്. പ്രതീക്ഷകൾ കൈവിട്ടു പോകുന്ന സാഹചര്യങ്ങളിൽ ക്രിസ്താനുഭവങ്ങളിലൂടെ പ്രതീക്ഷകളെ തിരികെ വിളിച്ചു ജീവിതത്തെ തന്നെ തിരികെ പിടിക്കുന്ന പഠനാനുഭവങ്ങളിലാണ് ഈ ആരാധന രൂപപ്പെടുന്നത്. പ്രാദേശികമായി ഐക്യ ആരാധനകൾ ക്രമീകരിക്കുന്നത് ഉചിതമാകും. ജനുവരി 23 ഞായറാഴ്ച സഭകളുടെ ദേശീയ കൂട്ടായ്മയായ നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ (NCCI) ദിനമായി വേർതിരിച്ചിരിക്കുന്നു. സഭകളുടെ കൂട്ടായ്മകളെ പ്രോത്സാഹിപ്പിക്കുന്ന എല്ലാ പ്രവർത്തനങ്ങളെയും പ്രാർത്ഥനയിലോർക്കാം.

ഇന്ത്യ വിശക്കുന്നവർ ഏറെയുള്ള രാജ്യമായി ഇന്നും നിലനിൽക്കുന്നു എന്നത് ഏറെ ദുഖകരമാണ്. ഏതാണ്ട് 116 രാജ്യങ്ങളെ വിശകലനം ചെയ്തപ്പോൾ ഇന്ത്യയുടെ സ്ഥാനം 101 ആണ്. പോഷണ വൈകല്യമുള്ള കുഞ്ഞുങ്ങളുടെ പട്ടികയിൽ ഏറ്റവും മുന്നിലും. അട്ടപ്പാടിയിലെ ശിശുമരണങ്ങൾ ഇതിനൊരുദാഹരണമാണ്. വോട്ട് ബാങ്ക് ലക്ഷ്യമാക്കി വികസനത്തെ ദർശിക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങൾ മറന്നുപോകുന്നവരാണ് ശിശുക്കളും അമ്മമാരും. സഭകളുടെ ദൗത്യത്തിന്റെ മുമ്പിലെ വലിയ വെല്ലുവിളിയായി ഈ വിശക്കുന്ന സമൂഹം നില്ക്കുകയാണ്. വിശപ്പിന്റെ വിളിയെ തിരിച്ചറിഞ്ഞു വിഭവങ്ങൾ പങ്കുവെയ്ക്കുന്നവരായി നാം മാറിയെ മതിയാകൂ. ഫാ. ബോബി ജോസ് കട്ടിക്കാടിന്റെ നേതൃത്വത്തിൽ രൂപപ്പെട്ട അഞ്ചപ്പം പോലെയുള്ള ചെറിയ കൂട്ടായ്മകൾ പലസ്ഥലങ്ങളിലും ഉണ്ടാകേണ്ടിയിരിക്കുന്നു. അത് നമുക്ക് സാധ്യവുമാണ്. നമ്മുടെ അഭിവന്ദ്യ ഫിലക്സിനോസ് തിരുമേനിയുടെ നേതൃത്വത്തിൽ നടക്കുന്ന 'ലൈറ്റ് റ്റു ലൈഫ്' പ്രോജക്ട് ഏറെ സ്തുത്യർഹമായി പ്രവർത്തിക്കുന്നു. പ്രത്യേകം അഭിനന്ദനങ്ങൾ. പോഷകാഹാരക്കുറവ് അനുഭവിക്കുന്ന അമ്മമാരിലേക്കും കുഞ്ഞുങ്ങളിലേക്കും കൂടുതലായി പ്രവർത്തിക്കുവാൻ നമുക്ക് തീരുമാനമെടുക്കാം. വിശക്കുന്നവർ നമുക്ക് ചുറ്റും ഇനി ഉണ്ടാകരുത്.

ഡിസംബർ 7-ാം തീയതി ഡൽഹിയിൽ നടന്ന ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി സ്റ്റഡി ഓഫ് റിലീജിയൻ ആൻഡ് സൊസൈറ്റി (CISRS) യുടെ ബൈനിയൽ കോൺഫറൻസിൽ പങ്കെടുത്തു. ഡോ. എം. എം. തോമസും പി. ഡി. ദേവാനന്ദുമൊക്കെ ചേർന്ന് ആരംഭിച്ച ഈ പ്രസ്ഥാനത്തിന്റെ വളർച്ചയെ അടയാളപ്പെടുത്തിക്കൊണ്ട് ഏഷ്യൻ സ്റ്റഡി ആൻഡ് റിസേർച്ച് സെന്റർ എന്ന പുതിയ ഒരു സ്ഥാപനം കൂടി ആരംഭിക്കുകയുണ്ടായി. അതിന്റെ കൂദാശകർമ്മത്തിൽ സി. എൻ. ഐ മോഡറേറ്റർ ബിഷപ്പ് ഡോ. പി. സി. സിംഗ്, ഗോസ്നർ ഇവാഞ്ചലിക്കൽ ലൂഥറൻ ചർച്ച് മോഡറേറ്റർ ബിഷപ്പ് ജോഹാൻ ഡാങ് എന്നിവരോടൊപ്പം മുഖ്യകാർമ്മികത്വം വഹിച്ചു. പി. ഡി. ദേവാനന്ദൻ & ഡോ. എം. എം. തോമസ് അനുസ്മരണ പ്രഭാഷണത്തിൽ അധ്യക്ഷത വഹിച്ചു സഭയുടെ ആശംസകൾ അറിയിച്ചു. അതിനോടു ചേർന്ന് 8, 9 തീയതികളിൽ 'മതം നീതിക്കായുള്ള ഒരു നൈതിക രാഷ്ട്രീയ പ്രയോഗം' എന്ന വിഷയം അധികരിച്ച് നടന്ന സെമിനാറിലും പങ്കെടുത്ത് നേതൃത്വം നൽകി. നിയോ ലിബറൽ ചിന്താധാരയും നിയോഫാസിസ്റ്റ് പ്രവണതകളും വർദ്ധിച്ചു വരുന്ന സമകാലിക പശ്ചാത്തലത്തിൽ നീതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കാതെയുള്ള മത ആത്മീയ പ്രയോഗങ്ങൾ അർത്ഥരഹിതമാണെന്ന് സമ്മേളനം അഭിപ്രായപ്പെട്ടു. സഭയുടെ സാമൂഹ്യസാക്ഷ്യത്തെക്കുറിച്ചുള്ള ഇത്തരം സംഗതമായ സംവാദങ്ങൾ തികച്ചും അനിവാര്യം തന്നെയാണ്. CISRS ന്റെ പുതിയ ഡയറക്ടറായി നമ്മുടെ റവ. ഡോ. വൈ. റ്റി. വിനയരാജ് ചുമതലയിൽ പ്രവേശിച്ചു.

സി. എസ്. ഐ., സി. എൻ. ഐ., മാർത്തോമ്മാ സഭകളുടെ കൺസീലിയർ ഐക്യവേദിയായ കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യയുടെ ബിഷപ്പ്സ് കോൺഫറൻസ് ഒരു ഇടവേളയ്ക്ക് ശേഷം ഡിസംബർ 9, 10 തീയതികളിൽ ഡൽഹി സി. എൻ. ഐ. ഭവനിൽ നടന്നു. മൂന്ന് സഭകളുടെയും അദ്ധ്യക്ഷന്മാരും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അനേകം ബിഷപ്പുമാരും യോഗത്തിൽ പങ്കെടുത്തു. കേന്ദ്രമന്ത്രി ശ്രീമതി മീനാക്ഷി ലേഖി കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. ഭാരതത്തിലെ ഇന്നത്തെ സാഹചര്യത്തിൽ സഭകൾ യോജിച്ച് നില്ക്കുകയും ഐക്യസന്ദേശം താഴേത്തട്ടിലേക്ക് എത്തിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത യോഗം ചർച്ച ചെയ്തു. കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയുടെ തുടർ പ്രവർത്തനം ശക്തമായി മുൻപോട്ട് കൊണ്ടുപോകുന്നതിനും അന്യോന്യബന്ധം വിശാലമാക്കുന്നതിനും ഇത്തരം കോൺഫറൻസുകളിലൂടെ സാധിക്കുന്നു. ഡിസംബർ 14 മുതൽ 16 വരെ റാഞ്ചിയിലുള്ള നമ്മുടെ ഇടവകയും സ്കൂളുകളും സന്ദർശിച്ചത് സന്തോഷകരമായിരുന്നു.

നാഗാലാൻഡിൽ സുരക്ഷാസേനയുടെ വെടിവെയ്പ്പിൽ നിർദ്ദോഷികളായ അനേകം ഗ്രാമീണ തൊഴിലാളികൾ കൊല്ലപ്പെട്ടു എന്നത് ഏറ്റം ഖേദകരമാണ്. തെറ്റിദ്ധാരണ മൂലമാണ് വെടിവെയ്പ്പ് നടത്തിയതെന്ന് പറയുന്നുണ്ടെങ്കിലും സേന ജാഗ്രത പുലർത്തേണ്ടതായിരുന്നു. യാതൊരു പ്രകോപനവും സൃഷ്ടിക്കാതെ യാത്ര ചെയ്തിരുന്ന സാധാരണ ജനതയ്ക്ക് മേൽ നടത്തിയ ഇത്തരം അതിക്രമങ്ങൾ ഒരിക്കലും ആവർത്തിക്കുവാൻ പാടില്ല. മനുഷ്യ ജീവന് സംരക്ഷണം നൽകുക എന്നതായിരിക്കണം എല്ലാവരുടെയും പ്രഥമ കർത്തവ്യം. സമാധാന പൂർണമായ ഒരു സാഹചര്യം സൃഷ്ടിക്കുവാൻ സർക്കാർ സംവിധാനങ്ങളും എല്ലാ വിഭാഗം ജനങ്ങളും ഒത്തൊരുമിച്ചു പ്രവർത്തിക്കണം.

സമാധാനത്തിനും സാഹോദര്യത്തിനും പേരുകേട്ട കേരളത്തിൽ കഴിഞ്ഞ ചില മാസങ്ങളായി നടക്കുന്ന കൊലപാതക പരമ്പര ഏറെ ഉത്കണ്ഠാജനകമാണ്. ഈ ഹീനകൃത്യങ്ങൾക്കു പലതിനും രാഷ്ട്രീയ കാരണങ്ങൾ ആരോപിക്കപ്പെടുന്നു. മനുഷ്യജീവൻ വിലമതിക്കുന്ന ജനങ്ങൾ കക്ഷിഭേദമെന്യെ ഒരുമിച്ചു വന്ന് ദേശത്തിന്റെ സൗഖ്യത്തിനും സമാധാനത്തിനും പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

ദൈവശാസ്ത്ര അഭ്യസന രംഗത്തെ ഒരു നൂതന കാൽവെപ്പായിരുന്നല്ലോ നാൽപതു വർഷങ്ങൾക്ക് മുൻപ് The Federated Faculty for Research in Religion and Culture (FFRRC) എന്ന പേരിൽ ആരംഭിച്ച സംരംഭം. ദൈവശാസ്ത്ര അഭ്യസനം ഒരു സെമിനാരിയുടെ അല്ലെങ്കിൽ ഒരു സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പതിവ് വിട്ട് മാർത്തോമ്മാ, ഓർത്തഡോക്സ്, സിഎസ്ഐ എന്നീ മൂന്ന് സഭകൾ ചേർന്ന് ഒരു എക്യൂമെനിക്കൽ സംരംഭമായിട്ടായിരുന്നു FFRRC ആരംഭിച്ചത്. അതിനാൽ തന്നെ, ദൈവശാസ്ത്ര അഭ്യസനത്തിന്റെ തലത്തിൽ മാത്രമല്ല സഭൈക്യ പ്രസ്ഥാനത്തിനും The Federated Faculty ഈടുറ്റ സംഭാവനകൾ നൽകിയിട്ടുണ്ട്. FFRRC കൂടുതൽ സജീവവും പ്രസക്തവുമായി ഇന്നും നിലനിൽക്കുന്നു എന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ ദൈവശാസ്ത്ര ഗവേഷണതലം മാത്രമല്ല സഭയും പട്ടത്വ സമൂഹവും നേരിടുന്ന വെല്ലുവിളികളും ഏറ്റെടുക്കുവാൻ FFRRC സജ്ജമാകട്ടെ എന്ന് പ്രാർത്ഥിക്കയും ആശംസിക്കയും ചെയ്യുന്നു.

കഴിഞ്ഞ ഏതാനും മാസങ്ങൾ മലങ്കര സഭാ താരകയുടെ ചീഫ് എഡിറ്റർ എന്ന നിലയിൽ അനുഗ്രഹിത ശുശ്രൂഷ നിർവ്വഹിച്ച റവ. ഡോ. മോത്തി വർക്കി അച്ചനോടും കഴിഞ്ഞ ഒരു ടേം താരകയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ എഡിറ്റോറിയിൽ ബോർഡ് അംഗങ്ങൾ, മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ എന്നിവരോടമുള്ള നന്ദി അറിയിക്കുന്നു. പുതുതായി ചുമതലയിൽ പ്രവേശിച്ച എല്ലാവരെയും വിശേഷാൽ ചീഫ് എഡിറ്റർ റവ. ഡോ. രഞ്ജൻ ജോണിനെയും അഭിനന്ദിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്യുന്നു.

വർണ്ണവിവേചനത്തിനെതിരെ പോരാട്ടം നയിച്ച മനുഷ്യാവകാശ പ്രവർത്തകനും നോബേൽ സമ്മാന ജേതാവും ആംഗ്ലിക്കൻ സഭയുടെ ദക്ഷിണാഫ്രിക്കൻ ആർച്ച് ബിഷപ്പുമായിരുന്ന ഡെസ്മണ്ട് ടുട്ടു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മനുഷ്യാവകാശ പ്രശ്നങ്ങളിൽ നിർഭയം ഇടപെടുവാനും മനുഷ്യത്വ രഹിതമായ രാഷ്ട്രീയ കടന്നുകയറ്റങ്ങൾക്ക് പ്രതിരോധം തീർക്കുവാനും ബിഷപ്പ് ടുട്ടുവിന് സാധിച്ചു. ബിഷപ്പിന്റെ ശബ്ദം നീതിബോധത്തിന്റെ ശബ്ദമായിരുന്നു. ആ ധന്യ ജീവിതത്തെയോർത്ത് ദൈവത്തെ സ്തുതിക്കാം. ഇന്ത്യയുടെ പ്രഥമ സംയുക്ത സൈനിക മേധാവി ജനറൽ ബിപിൻ റാവത്തിന്റെയും അദ്ദേഹത്തിന്റെ സഹധർമ്മിണി മധുലിക റാവത്തിന്റെയും മറ്റ് 12 വീര സൈനികരുടെയും ആകസ്മികവും അതീവ ദാരുണവുമായ വേർപാടിൽ അത്യഗാധമായ ദുഃഖം ദേശത്തോട് ചേർന്ന് രേഖപ്പെടുത്തുന്നു. ഈ ധീരപോരാളികളുടെ മഹത്തരവും ത്യാഗോജ്ജ്വലവുമായ രാജ്യസേവനങ്ങൾ അഭിമാനത്തോടെയും സീമാതീതമായ കൃതജ്ഞതയോടെയും സ്മരിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു. കുണ്ടറ ശാലേം മാർത്തോമ്മാ ഇടവകാംഗം അഡ്വ. ജോർജ്ജ് മാത്യു (കൊല്ലം) നിര്യാതനായി. മുൻ സഭാമണ്ഡലാംഗം, സഭയുടെ നിയമകാര്യസമിതി അംഗം എന്നീ നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതത്തെയോർത്ത് ദൈവത്തെ സ്തുതിക്കുകയും സഭയുടെ അനുശോചനം രേഖപ്പെടുത്തുകയും, ദുഃഖാർത്ഥരായ പ്രീയപ്പെട്ടവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പുതുവർഷത്തിലെ ആദ്യമാസത്തിലെ ഞായറാഴ്ചകളിൽ ദൗത്യനിർവ്വഹണത്തിന് സഭയെ സജ്ജമാക്കുന്നതിനുള്ള വേദഭാഗങ്ങൾ ആണ് നൽകപ്പെട്ടിട്ടുള്ളത്. ആന്തരിക ശുദ്ധീകരണവും നിഷേധ മൂല്യങ്ങളോടുള്ള പ്രതിരോധവും ഇല്ലാതെ സുവിശേഷദൗത്യം ഫലകരമായി നിർവ്വഹിക്കുവാൻ കഴിയുകയില്ല. ജനുവരി രണ്ട് ഞായറാഴ്ച ബാഹ്യകേരള മിഷൻ ദിനമായി വേർതിരിച്ചിരിക്കുന്നു. 'സുവിശേഷിക്കുവാൻ വിളിക്കപ്പെട്ടവർ എന്നതാണ് ധ്യാനവിഷയം'' (ലൂക്കൊ. 10:1-11). എഴുപത് അറിയിപ്പുകാരെ തനിക്കു മുമ്പായി കർത്താവ് നിർദ്ദേശങ്ങൾ നൽകി അയയ്ക്കുന്നതാണ് ഏവൻഗേലിയോന്റെ ഉള്ളടക്കം. അവർ അറിയിക്കേണ്ടതും ജീവിതത്തിൽ ആവിഷ്കരിക്കേണ്ടതും ദൈവരാജ്യത്തിന്റെ സന്ദേശമാണ്. ഹിംസ്ര സ്വഭാവമുള്ള ചെന്നായ്ക്കളുടെ മധ്യത്തിൽ ശാന്ത സ്വഭാവം മാത്രം കാണിക്കുവാൻ കഴിയുന്ന കുഞ്ഞാടുകൾ പോലെയാണ് പ്രേഷിതർ അയയ്ക്കപ്പെടുന്നത്. കുഞ്ഞാടുകളുടെ സൗമ്യതയും ഇടയനിലുള്ള ആശ്രയബോധവും ഒരിക്കലും പ്രേഷിതർ നഷ്ടപ്പെടുത്തിക്കൂടാ. പ്രാർത്ഥനാനിർഭരമായ ഉൾച്ചേരൽ പ്രേഷിത ദൗത്യം കൂടുതൽ വിശാലമാക്കും. സഞ്ചി, പൊക്കണം, ഉദ്ദേശ്യലക്ഷ്യങ്ങളെ തകർക്കുന്ന സമ്പർക്കങ്ങൾ ഇവ പ്രേഷിതൻ ഒഴിവാക്കണം. കുഞ്ഞാടുകൾക്ക് ചെന്നായ്ക്കൾ ആയി രൂപമാറ്റം സംഭവിച്ചുകൂടാ. സമാധാനം നഷ്ടപ്പെടുന്ന മേഖലകളിൽ സമാധാനം ആശംസിച്ചുകൊണ്ടേയിരിക്കുക എന്നതാണ് അയയ്ക്കപ്പെട്ടവരുടെ ചുമതല. സുവിശേഷഘോഷണം നടത്തുന്ന സഭ ആന്തരിക ശുദ്ധീകരണം പ്രാപിക്കുകയും ഭൗതികതയുടെ കടന്നുകയറ്റങ്ങളെ പ്രതിരോധിക്കുകയും വേണം എന്നു നാം ഓർക്കേണ്ടതുണ്ട്.

ജനുവരി ഒമ്പത് ഞായർ ലഹരി വിരുദ്ധ ദിനമായി സഭ ആചരിക്കുകയാണ്. "ആസക്തികളിൽ നിന്നുള്ള അതിജീവനം' എന്നതാണ് ധ്യാനവിഷയം (മത്താ. 18:6-11). വ്യത്യസ്തങ്ങളായ ആസക്തികൾ വ്യക്തി ജീവിതങ്ങളെയും സാമൂഹ്യ ജീവിതത്തെയും സമഗ്ര വികാസത്തിൽ നിന്നു തടഞ്ഞേക്കാം എന്നത് ഒരു യാഥാർത്ഥ്യമാണ്. ദോഷകരമായി ബാധിച്ചേക്കാവുന്ന

സ്വഭാവവൈകൃതങ്ങൾ ദുരീകരിക്കുവാൻ ദൈവകേന്ദ്രീകൃത പരിശ്രമങ്ങൾ ഉണ്ടാകണം. ധനമോഹം, ജഡമോഹങ്ങൾ, സ്വാർത്ഥ ലക്ഷ്യങ്ങൾക്കുവേണ്ടിയുള്ള പദവിമോഹങ്ങൾ, വ്യർത്ഥസംസാരങ്ങൾ തുടങ്ങി സകല ആസക്തികളെയും നിയന്ത്രിക്കേണ്ടത് അനിവാര്യമാണ്. മദ്യാസക്തി സമൂഹത്തെ കാർന്നുതിന്നുന്ന ഒന്നായി തീർന്നിരിക്കുകയാൽ അതിനെതിരെ ശക്തമായ നിലപാടെടുക്കാൻ കഴിയണം. ഇരുട്ടിന്റെ നിഷ്ഫലപ്രവൃത്തികളിൽ പങ്കുകാർ ആകാതിരിക്കുന്നതിന് വെളിച്ചത്തിലുള്ളവരായി നടക്കണം. യേശുക്രിസ്തുവിലൂടെയുള്ള രക്ഷാ നിർണ്ണയം പ്രാപിച്ചവരാണ് വെളിച്ചത്തിൽ നടക്കുന്നവർ. തങ്ങളുടെ ജീവിതത്തിലും സഹജീവികളുടെ ജീവിതത്തിലും ഇരുട്ട് പരത്തുന്ന സകലത്തെയും പ്രതിരോധിക്കുവാൻ അവർ പ്രതിജ്ഞാബദ്ധരായിരിക്കും.

ജനുവരി പതിനാറാം തീയതി ഞായറാഴ്ച "പ്രാർത്ഥനയാലും ഉപവാസത്താലും ഉള്ള ജയം" എന്ന വിഷയമാണ് സഭ ധ്യാനിക്കുന്നത് (മത്താ. 17:14-21). ജയം എന്നത് ആത്യന്തികമായി ദൈവഹിതം വിജയിക്കുക എന്നതാണ്. പ്രാർത്ഥനയും ഉപവാസവും ദൈവവിരുദ്ധതകളെ സാധ്യമാക്കുന്നതിനുള്ള ഉപകരണമല്ല. ഒരിക്കലും വറ്റിപ്പോകാത്ത ദൈവിക ഊർജ്ജവുമായി ബലം വറ്റിപ്പോകുന്ന മനുഷ്യരെ ബന്ധിപ്പിക്കുന്ന കോവേണിയാണ് പ്രാർത്ഥന. നന്മകളുടെ ഉറവിടമായ ദൈവവുമായി ചിന്തകളെയും പ്രവൃത്തികളെയും ചേർത്തു വയ്ക്കുന്നതാണ് ഉപവാസം. അങ്ങനെ വരുമ്പോൾ ദൈവത്തോട് ആവശ്യങ്ങൾ അറിയിക്കുന്നത് മാത്രമല്ല പ്രാർത്ഥന. ദൈവശബ്ദം കേൾക്കുന്നതും അനുസരിക്കുന്നതും ദൈവഭാവത്തിലേക്കു വളരുന്നതുമാണ് പ്രാർത്ഥനയും ഉപവാസവും. പ്രാർത്ഥനയിൽ വളരുന്ന ദൈവമക്കൾക്കു മാത്രമേ ഈ ലോകത്തോട് ദൈവഹിതം അറിയിക്കുവാൻ കഴിയുകയുള്ളു. ദൈവഹിത അനുസരണത്തിന്റെ ന്യൂനപക്ഷമാർഗ്ഗത്തിലൂടെ സഞ്ചരിക്കുമ്പോൾ തോറ്റുപോകാതെ ലക്ഷ്യത്തിൽ എത്തിക്കുവാൻ ദൈവം കൂടെയിരിക്കും. ഈ ബോധ്യമാണ് സംഗതമായ ദൈവിക സാക്ഷ്യം നിറവേറ്റുവാൻ സഭയെ സഹായിക്കുന്നത്.

ജനുവരി ഇരുപത്തിമൂന്ന് സഭ ഐക്യഞായർ ആയി ആചരിക്കുന്നു. "സഭ ഏക ശരീരമായിരിക്കുവാൻ ചേർക്കപ്പെട്ടവർ" എന്നാണ് ധ്യാനവിഷയം (യോഹ. 15:1-12). പരസ്പരം കലഹിച്ചു വിഘടിച്ചു നിൽക്കുന്ന സഭ യേശുക്രിസ്തുവിലൂടെയുള്ള നിയോഗം ലംഘിക്കുന്നവരാണ്. ക്രൈസ്തവ സഭകളുടെ അനൈക്യം മതേതര സമൂഹത്തിൽ ക്രൈസ്തവ അവകാശ വാദങ്ങളെ ദുർബലമാക്കും. വ്യത്യസ്ത സാംസ്കാരിക പശ്ചാത്തലങ്ങളിലും ശക്തീകരണങ്ങളിലും ഊന്നലുകളിലും രൂപപ്പെട്ടുവന്ന ക്രൈസ്തവ സമൂഹങ്ങൾ പരസ്പരം പോരടിക്കുന്നതിനു അവയൊന്നും സാധൂകരണം ആകുന്നില്ല. ശരീരത്തിലെ വ്യത്യസ്ത അവയവങ്ങൾ സമജ്ജസ്സമായി ഒരുമിച്ചു പ്രവർത്തിക്കുമ്പോൾ ആണ് ശരീരം കാര്യക്ഷമതയുള്ളതാകുന്നത്. മസ്തിഷ്ക നിർദ്ദേശങ്ങൾ സ്വീകരിച്ചു ഓരോ അവയവവും ഒന്നിനോടൊന്നു പൂരകമായി പ്രവർത്തിക്കുകയാണല്ലോ. ഒരേ പ്രത്യാശയും ഒരേ വിശ്വാസവും ഒരേ സ്നാനവും ഒരേ ആത്മാവും പങ്കുവയ്ക്കുന്ന വ്യത്യസ്ത സഭകൾ ഏക ശരീരത്തിന്റെ അവയവങ്ങൾ എന്ന തിരിച്ചറിവ് ഉണ്ടാകേണ്ടവരാണ്. സഭാ മക്കൾ യേശുവിന്റെ ജീവരസം തങ്ങളുടെ സിരകളിൽ ഓടുന്നവരാകയാൽ യേശുവിന്റെ ജീവന്റെ പങ്കുകാരാണ്. സഭകളുടെ ഐക്യം ഭൗതിക ലക്ഷ്യങ്ങൾക്കുവേണ്ടി ഉണ്ടാക്കിയെടുക്കുന്ന സഖ്യം ആകാൻ അല്ല പ്രത്യുത യേശുക്രിസ്തുവിലൂടെയുള്ള രക്ഷ ഈ ലോകത്തിൽ ഫലകരമായി പങ്കു വയ്ക്കുന്നതിനുവേണ്ടിയാണ്.

'വിശ്വാസദൃഢതയിലേക്ക് നയിക്കേണ്ട മഹാവ്യാധി' എന്ന വിഷയത്തെയാണ് ജനുവരി മുപ്പതിനു സഭ ധ്യാനിക്കുന്നത് (മർക്കൊ. 6:53-56). ചരിത്രത്തിൽ മുമ്പൊരിക്കലും ഉണ്ടാകാത്ത തരത്തിൽ മുഴുവൻ ലോകത്തെയും ഒരു മഹാവ്യാധി പിടികൂടിയിരിക്കുന്ന സന്ദർഭമാണ് ഇപ്പോൾ. ദൈവത്തിലേക്കും ദൈവിക ക്രമത്തിലേക്കും ഒരു മടങ്ങിപ്പോക്ക് ആണ് ഇപ്പോൾ അനിവാര്യമായിരിക്കുന്നത്. ദൈവിക ക്രമങ്ങളെ ലംഘിക്കുന്നതിന്റെ ഫലമായാണ് പ്രകൃതി ദുരന്തങ്ങളും മഹാമാരികളും ഉണ്ടാകുന്നത്. ആത്മാവിലും സത്യത്തിലും ഉള്ള സത്യാരാധനയാണ് ദൈവിക ക്രമത്തിലേക്കു മനുഷ്യരെ പുനഃപ്രവേശിപ്പിക്കുന്നത്. അന്തർഭാഗത്തിലെ സത്യമാണ് ദൈവം മനുഷ്യരിൽ നിന്നും പ്രതീക്ഷിക്കുന്നത്. സൃഷ്ടി നടത്തിയ ദൈവത്തിനാണ് പുനഃസൃഷ്ടിനടത്താനും കഴിയുന്നത്. പുതിയ ആകാശവും പുതിയ ഭൂമിയും ദൈവത്തിന്റെ ദാനമാണ്. മഹാമാരിയുടെ സന്ദർഭങ്ങൾ ദൈവത്തിലേക്കു മടങ്ങി സത്യാരാധനയും വിശ്വാസവും വർദ്ധിച്ചു വരുവാൻ നാം പ്രാർത്ഥിക്കുകയും രൂപാന്തരപ്പെടുകയും ചെയ്യണം.

***ഏവർക്കും പുതുവത്സരാശംസകൾ. നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.***



**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

പുലാത്തീൻ
26. 12. 2021.